പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3492 | 16.12.2015 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടികളുടെ ശോച്യാവസ്ഥ** | |
| ചോദ്യം | ഉത്തരം |
| **ഡോ.കെ.ടി ജലീൽ** | **ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) അംഗൻവാടികളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) ശോച്യാവസ്ഥയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിൽ സ്വന്തമായി സ്ഥലം ലഭ്യമായിട്ടുള്ള അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ചുവടെ ചേർക്കും പ്രകാരം ഫണ്ട് അനുവദിച്ചിട്ടുണ്ട്. |

| വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക | റിമാർക്ക്സ് |
|---|---|---|---|
| 2011-12 | 5452.49 ലക്ഷം | 15,68,76,619/- | ശേഷിക്കുന്ന തുക നിർമ്മാണം പൂർത്തീകരിച്ച് ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ് |
| 2012-13 | 1,22,50,000/- | 77,00,000/- | |
| 2013-14 | 4687.28 ലക്ഷം | 403.19 ലക്ഷം | |
| 2014-15 | 1305.92 ലക്ഷം | 69.96 ലക്ഷം | |
| 2015-16 | 1495 ലക്ഷം | --- | |

അടിസ്ഥാന സൗകര്യമില്ലാതെ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളെ സുരക്ഷിതമായ വാടകകെട്ടിടങ്ങളിലേക്ക് മാറ്റി പ്രവർത്തിപ്പിക്കുന്നതിന് ബന്ധപ്പെട്ട സി.ഡി.പി.ഒമാർക്കും ജില്ലാ പ്രോഗ്രാം ഓഫീസർമാർക്കും സാമൂഹ്യനീതി ഡയറക്ടർ നിർദ്ദേശം കൊടുത്തിട്ടുണ്ട്. റൂറൽ ഏരിയായിൽ പ്രതിമാസ വാടക 750/- രൂപയായും അർബൻ ഏരിയായിൽ 3000/- രൂപയായും ഉയർത്തിയിട്ടുണ്ട്. ടി തുകയിൽ അധികരിക്കുന്ന തുക ആവശ്യമായി വരുന്ന പക്ഷം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനം മുഖേന കണ്ടെത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

| | |
|---|---|
| (ബി) കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ എത്ര പുതിയ അംഗൻവാടി കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കി നൽകിയെന്ന് പറയാമോ; | (ബി). 283 അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) പണിപൂർത്തിയാക്കാത്ത കെട്ടിടങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ; | (സി) 594 അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കാനുണ്ട്. |
| (ഡി) സുരക്ഷിതമല്ലാത്ത വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ എത്രയെന്ന് പറയാമോ? | (ഡി) എല്ലാ വർഷവും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന കെട്ടിടങ്ങളിൽ മാത്രമേ അംഗൻവാടികൾ പ്രവർത്തിക്കുന്നുള്ളൂ. |

സെക്ഷൻ ഓഫീസർ